I/61268/2024

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**
**ഹയർ സെക്കന്ററി വിഭാഗം**
**ഹൗസിംഗ് ബോർഡ് ബിൽഡിംങ്സ്**
**ശാന്തിനഗർ, തിരുവനന്തപുരം**

**HSE/7198/2024-Exam V-1-Part(1)** **തീയതി :09-05-2024**

**പരിപത്രം**

**വിഷയം:-** **പൊതുവിദ്യാഭ്യാസവകുപ്പ്-ഹയർസെക്കന്ററിവിഭാഗം -രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷ മാർച്ച് 2024 - ഉത്തരകടലാസ് പുനമൂല്യനിർണ്ണയം , സൂക്ഷമപരിശോധന, ഫോട്ടോകോപ്പി - സംബന്ധിച്ച്**

.

2024 മാർച്ചിൽ നടന്ന രണ്ടാം വർഷ ഹയർ സെക്കൻററി പരീക്ഷയുടെ ഫലം 09/05/2024 തീയതിയിൽ പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം www.dhsekerala.gov.in,www.keralaresults.nic.in, www.prd.kerala.gov.in, www.results.kite.kerala.gov.in,www.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, സൂക്ഷ്മ പരിശോധന , ഫോട്ടോ കോപ്പി എന്നിവയ്ക്കുള്ള നിർദ്ദിഷ്ട ഫോറങ്ങളിലുള്ള അപേക്ഷകൾ നിർദിഷ്ട ഫീസ് സഹിതം, വിദ്യാർത്ഥികൾ മാർച്ചിലെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂളിലെ പ്രിൻസിപ്പാളിന് **14/05/2024** തീയതിയ്ക്കകം സമർപ്പിക്കേണ്ടതാണ്.

ഇരട്ട മൂല്യനിർണ്ണയം നടത്തിയ ഫിസിക്സ്, കെമിസ്ട്രി, കണക്ക് ഉത്തക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, സൂക്ഷ്മ പരിശോധന എന്നിവ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ പ്രസ്തുത ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പിക്ക് അപേക്ഷിക്കാവുന്നതാണ്.

ലക്ഷദ്വീപ് , ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലെ ഹയർസെക്കൻററി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ അപേക്ഷാഫീസ്, ഡിമാൻറ് ഡ്രാഫ്റ്റ് ((Drawn in favour of Joint Director, Examinations (Higher Secondary Wing), Directorate of General Education, Thiruvananthapuram) മുഖാന്തിരം അതാതു സ്കൂൾ പ്രിൻസിപ്പൽമാർ മേൽപ്പറഞ്ഞ തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

ഗവൺമെൻറ് / എയ്ഡഡ് ഹയർ സെക്കൻററി സ്കൂൾ പ്രിൻസിപ്പൽമാർ പൂരിപ്പിച്ച അപേക്ഷകളോടൊപ്പം പുനർ മൂല്യനിർണ്ണയ ഫീസ് കൈപ്പറ്റി , പി.ഡി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും, സ്ക്രൂട്ടിനി, ഫോട്ടോകോപ്പി എന്നിവയ്ക്കായുള്ള ഫീസ് ട്രഷറിയിൽ ഒടുക്കേണ്ടതുമാണ്. ഫോട്ടോകോപ്പി, സ്ക്രൂട്ടിനി എന്നിവയ്ക്കായുള്ള അപേക്ഷാ ഫീസ് **"0202-01-102-97-03 (other receipts)"** എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടവാക്കേണ്ടതാണ്. റീഫണ്ടിന് അർഹരായ വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പൽമാർ തുക അനുവദിച്ച് നൽകിയതിനുശേഷം, ബാക്കിയുള്ള തുക ബന്ധപ്പെട്ട ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ചെലാൻറെ പകർപ്പ് ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതും അസൽ ആഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

എന്നാൽ അൺഎയ്ഡഡ് ഹയർ സെക്കൻററി സ്കൂളുകളിൽ നിന്നും പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സൂക്ഷ്മ പരിശോധന എന്നിവയ്ക്കായി അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ ഫീസ് മേൽപ്പറഞ്ഞ തീയതിക്കുള്ളിൽ ട്രഷറികളിൽ ഒടുക്കേണ്ടതാണ്. റീഫണ്ടിന് അർഹരായ അൺഎയ്ഡഡ് സ്കൂൾ വിദ്യാർത്ഥികളുടെ അപേക്ഷ ചെലാൻ ,ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പ് സഹിതം അതാത് പ്രിൻസിപ്പൽമാർ മുഖേന ഹയർ സെക്കൻററി ഡയറക്ടറേറ്റിലേക്ക് അയച്ചു

നൽകേണ്ടതാണ്.

അപേക്ഷാഫോറങ്ങൾ അതാതു സ്കൂളുകളിൽ /Departmental Portal ൽ നിന്നും ലഭിക്കുന്നതാണ്

പ്രസ്തുത വിവരങ്ങൾ പ്രിൻസിപ്പൽമാർ **15/05/2024 തീയതി 5 p.m ന് മുൻപായി** i Exam മുഖേനയുള്ള ലിങ്കിലൂടെ അപ്ലോഡ് ചെയ്യേണ്ടതാണ് **. യാതൊരു കാരണവശാലും അപേക്ഷകൾ ഹയർ സെക്കൻററി ഡയറക്ടറേറ്റിൽ നേരിട്ട് സ്വീകരിക്കുന്നതല്ല.**

**ഫീസ് വിവരങ്ങൾ**

**പുനർമൂല്യനിർണ്ണയം - Rs. 500/- per subject**

**സൂക്ഷ്മപരിശോധന - Rs. 100/- per subject**

**ഫോട്ടോകോപ്പി - Rs. 300/- per subject**

**Head of Account - "0202-01-102-97-03 (other receipts)".**

Signed by
Dr. S S Vivekanandan
Date: 09-05-2024 14:10:44

**സെക്രട്ടറി**
**&**
**ജോയിന്റ് ഡയറക്ടർ**
**ബോർഡ് ഓഫ് ഹയർ സെക്കന്ററി**
**എക്സാമിനേഷൻ, കേരള**

പകർപ്പ് -

1). എല്ലാ സർക്കാർ /എയിഡഡ്/അൺഎയിഡഡ് സ്കൂൾ പ്രിൻസിപ്പാൾമാർക്കും